പാഠം – 1

# വ്യക്തിത്വത്തിന്റെ പ്രതിസന്ധി

## ശബ്ബത്ത് സായാഹ്നം

ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശയ്യാവ് 1:1–9; 1:10–17; 1:18; 1:19–31; 5:1–7.

**മനഃപാഠവാക്യം: "വരുവിൻ, നമുക്ക് തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും" (യെശയ്യാവ് 1:18).**

മറവിയുടെ ലോകത്തിൽ നഷ്ടമാകുക. ചെടിവേലികളുള്ള ഒരു ഇടുങ്ങിയ വഴിയിലൂടെ നിങ്ങൾ അയർലൻഡിലൂടെ വണ്ടി ഓടിക്കുകയാണെങ്കിൽ നന്നായി പുല്ലു തിന്നശേഷം നടന്നു ഭവനത്തിലേക്കു പോകുന്ന ഒരു പറ്റം കന്നുകാലികളാൽ നിങ്ങൾ വഴി തടയപ്പെട്ടേക്കാം. അവരെ പരിപാലിക്കാൻ ആളില്ല എങ്കിലും അവർ അവരുടെ യജമാനന്മാരുടെ തൊഴുത്തിലേക്ക് തന്നെ തിരികെപോകും. അവർ എവിടെ ആരുടെ ഉടമസ്ഥതയിലുള്ളതെന്ന് നിശ്ചയമായും അറിയും.

കടയിൽ പോയ ഒരു ബാലൻ തന്റെ അമ്മയെ കാണാതെ, "അയ്യോ, എനിക്കെന്റെ അമ്മയെ നഷ്ടമായേ" എന്നു നിലവിളിക്കുന്നു, അവന് താൻ എവിടെയാണെന്നോ, അവന്റെ അമ്മ എവിടെയാണെന്നോ അറിയില്ലായിരിക്കും. എന്നാൽ കടയിലൂടെ നടക്കുന്ന അമ്മമാരുടെ ഒരു കടലിൽനിന്നും അവന്റേതുമാത്രമായ ആ ഏക അമ്മയെ അവൻ തിരിച്ചറിയും.

സങ്കടമെന്ന് പറയട്ടെ, അലർലൻഡിലെ ആ പശുക്കളെ പോലെയും നഷ്ടമായ ബാലനെപോലെയുമല്ല യെഹൂദ്യർ തങ്ങളുടെ സ്വർഗ്ഗീയ ദൈവത്തിന് ഉടമകളാണെന്ന കാര്യം മറന്നുപോയി. അപ്രകാരം ഉടമ്പടി ചെയ്ത ജനങ്ങൾ എന്ന അവരുടെ യഥാർത്ഥ വ്യക്തിത്വം നഷ്ടമായി. "ഞാൻ മക്കളെ പോറ്റിവളർത്തി, അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല" (യെശയ്യാവ് 1:2,3).

അവനുവേണ്ടി തന്റെ ജനങ്ങളെ വീണ്ടെടുക്കുന്ന ദൈവത്തിന്റെ വേലയെ നാം ഒന്നു നോക്കാൻ പോകയാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 2 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## "ആകാശമേ കേൾക്ക"

**വായിക്കുക: യെശയ്യാവ് 1:1-9**

യെശയ്യാവിന്റെ പുസ്തകം അതിനെത്തന്നെ അവതരിപ്പിക്കുന്നത് ഗ്രന്ഥ കർത്താവിനെ ആമോസിന്റെ മകൻ എന്നു പരിചയപ്പെടുത്തിക്കൊണ്ടാണ്, അവന്റെ ദൂതിന്റെ സ്രോതസ്സ് (ഒരു "ദർശനം") അതിന്റെ വിഷയം (നാല് രാജാക്കന്മാരുടെ ഭരണകാലത്തുള്ള യെഹൂദയും അതിന്റെ തലസ്ഥാനമായ യെരൂശലേമും) യെശയ്യാവിന്റെ ആദ്യ ശ്രോതാക്കൾ അവന്റെ കാലത്തെ ആ നാട്ടിൽത്തന്നെയുണ്ടായിരുന്ന ജനങ്ങളാണെന്ന് വിഷയം വ്യക്തമാക്കുന്നു. അവരുടെ അവസ്ഥയെയും വിധിയെയും കുറിച്ച് പ്രവാചകൻ അവരോടു സംസാരിച്ചു.

ഭരിച്ചിരുന്ന രാജാക്കന്മാരുടെ കാലങ്ങളെക്കുറിച്ച് പ്രതിപാദിച്ച് സദസ്സിനെ കുറച്ചുകൊണ്ട് ആ പുസ്തകത്തെ ഒരു പ്രത്യേക കാലഘട്ടത്തിന്റെ രാഷ്ട്രീയവും ചരിത്രപരവുമായ സംഭവങ്ങളുമായി ബന്ധിപ്പിക്കുന്നു. ഈ കാലഘട്ടം നമ്മെ 2 രാജാക്കന്മാർ 15-20, 2 ദിനവൃത്താന്തം 26-32 എന്നിവയിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങളുമായി ബന്ധിപ്പിക്കുന്നു.

**യെശയ്യാവ് 1:2 വായിക്കുക. ഇവിടുള്ള ദൂതിന്റെ സാരാംശം എന്ത്? എന്താണ് ദൈവം പറയുന്നത്? എങ്ങനെയാണ് ഇതേ ആശയം പവിത്രമായ ചരിത്രത്തിലുടനീളം കാണപ്പെടുന്നത്? ഇത് ഇന്നത്തെ ക്രിസ്തീയ സഭയുമായും പറയാൻ കഴിയുമോ? നിങ്ങളുടെ ഉത്തരം വിശദീകരിക്കുക.**

എങ്ങനെയാണ് യെശയ്യാവിന്റെ ദൂത് "ആകാശമേ കേൾക്ക, ഭൂമിയെ ചെവി തരിക" എന്ന വാക്കുകളുമായി തുടങ്ങുന്നതെന്ന് ശ്രദ്ധിക്കുക. (ആവർത്തനം 30:19; 31:28 താരതമ്യം ചെയ്യുക) ആകാശത്തിനും ഭൂമിക്കും സ്വയമായി കേൾക്കാനും മനസ്സിലാക്കാനും സാധിക്കും എന്നല്ല ദൈവം സൂചിപ്പിക്കുന്നത്. പകരം, അതിന് ഊന്നൽ കൊടുക്കാനാണ് അങ്ങനെ ചെയ്യുന്നത്.

ഒരു ഹിത്യ ചക്രവർത്തിയായ ഒരു പുരാതന സമീപ കിഴക്കൻ രാജാവ്, ഒരു താഴ്ന്ന ഭരണാധികാരിയുമായി ഒരു രാഷ്ട്രീയ ഉടമ്പടി ഉണ്ടാക്കിയപ്പോൾ, അവൻ അവന്റെ ദേവന്മാരെ സാക്ഷികളായി വിളിച്ചു, ഇങ്ങനെ ചെയ്തത് ഉടമ്പടിയുടെ ഏതൊരു ലംഘനവും ഉറപ്പായും ശ്രദ്ധിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും എന്ന് ഊന്നിപ്പറയാനാണ്. എന്നിരുന്നാലും ദിവ്യനായ രാജാധിരാജൻ യിസ്രായേല്യരുമായി ഒരു ഉടമ്പടി മോശെയുടെ കാലത്ത് ഉണ്ടാക്കിയപ്പോൾ, അവൻ മറ്റ് ദേവന്മാരെ സാക്ഷികളാക്കിയില്ല. പകരം ഏകസത്യദൈവമെന്ന നിലയിൽ, അവൻ ആകാശത്തെയും ഭൂമിയെയുമാണ് ഈ പങ്ക് നിർവ്വഹിക്കാൻ വിളിച്ചത്. (ആവർത്തനം 4:26 ഉം കാണുക).

**യെശയ്യാവ് 1:1-9 ശ്രദ്ധയോടെ വായിക്കുക. യെഹൂദയുടെ പാപങ്ങൾ എന്തായിരുന്നുവെന്ന് മനസ്സിലാക്കുക.**

**യെഹൂദ എന്തിലായിരുന്നു കുറ്റക്കാരി, അവളുടെ കുറ്റം മുഖാന്തരം എന്തു സംഭവിച്ചു? അതേ സമയം, യെശയ്യാവ് 1:9 ൽ എന്തു പ്രത്യാശയാണ് നൽകപ്പെട്ടിരിക്കുന്നത്?**

## അധഃപതിച്ച ആചാരാനുഷ്ഠാനങ്ങൾ (യെശ. 1:10–17)

**യെശയ്യാവ് 1:10 വായിക്കുക. സോദോമിന്റെയും ഗൊമോറയുടെയും കാല്പനികരൂപങ്ങൾ അവൻ എന്തിന് ഉപയോഗിച്ചു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?**

**യെശയ്യാവ് 1:11–15 വായിക്കുക. അവിടുള്ള ജനങ്ങളോട് ദൈവം എന്താണ് പറയുന്നത്? അവന്റെ ജനങ്ങൾ അവന് അർപ്പിച്ച ആരാധന എന്തുകൊണ്ടാണ് ദൈവം നിരസിച്ചത്?**

---

---

---

യാഗങ്ങൾ അർപ്പിക്കുകയും പ്രാർത്ഥനയിൽ ഉയരുകയും ചെയ്ത അതേ കരങ്ങൾ “രക്തം നിറഞ്ഞതായിരുന്നു” അതായത്, അക്രമത്തിലും മറ്റുള്ളവരെ അടിച്ചമർത്തുന്നതിലും (യെശയ്യാവ് 1:15; 58:3,4). ഉടമ്പടി സമൂഹത്തിലെ മറ്റ് അംഗങ്ങളോട് മര്യാദകെട്ട് പ്രവർത്തിച്ചതിലൂടെ, അവർ യിസ്രായേലിന്റെ മുഴുവൻ സംരക്ഷകനോട് വെറുപ്പ് കാട്ടുകയായിരുന്നു. മറ്റുള്ളവർക്കെതിരെയുള്ള പാപം ദൈവത്തിനെതിരെയുള്ള പാപമായിരുന്നു.

നിശ്ചയമായും ദൈവം തന്നെയാണ് ആചാരപരമായ ആരാധന സമ്പ്രദായം സ്ഥാപിച്ചതും (ലേവ്യ 1–16) അതിന് അനുയോജ്യമായ സ്ഥലമായി യെരൂശലേം ദൈവാലയത്തെ തിരഞ്ഞെടുത്തതും (1 രാജാക്കന്മാർ 8:10,11). എന്നാൽ ഈ ആചാരങ്ങൾ ദൈവം ഈ മനുഷ്യരുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ പ്രവർത്തിക്കേണ്ടവയായിരുന്നു. യിസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയാണ് അവനെ അവരുടെ നടുവിൽ ആ ദൈവാലയത്തിൽ വസിക്കുമാറാക്കിയത്. അപ്പോൾ, അവിടെ നടത്തപ്പെട്ട ആചാരങ്ങളും പ്രാർത്ഥനകളും വിലയുള്ളതാകുന്നത് അവർ അവനോടും അവന്റെ ഉടമ്പടിയോടും വിശ്വസ്തതയുള്ളവരായിരിക്കുമ്പോൾ മാത്രമാണ്. ഉടമ്പടി സമൂഹത്തിലെ മറ്റ് അംഗങ്ങളോട് ചെയ്യുന്ന അന്യായങ്ങൾ അനുതപിക്കാതെ യാഗങ്ങൾ നടത്തുന്നവർ ആചാര കാപട്യങ്ങളാണ് നടത്തിയിരുന്നത്. അപ്രകാരം അവരുടെ യാഗങ്ങൽ അസാധുവാണെന്നു മാത്രമല്ല – അവ പാപങ്ങളും ആയിരുന്നു. അവരുടെ ആചാരാനുഷ്ഠാനങ്ങൾ പറഞ്ഞത് അവർ വിശ്വസ്തരാണെന്നാണ്, എന്നാൽ അവരുടെ പെരുമാറ്റം തെളിയിച്ചത് അവർ ഉടമ്പടി ലംഘിച്ചുവെന്നാണ്.

യെശയ്യാവ് 1:16,17 വായിക്കുക. അവന്റെ ജനങ്ങൾ എന്തു ചെയ്യണമെന്നാണ് ദൈവം കല്പിക്കുന്നത്? ഈ പശ്ചാത്തലത്തിൽ ഈ വാക്യങ്ങൾ എങ്ങനെയാണ് യേശു, മത്തായി 23:23–28 ൽ പറഞ്ഞിരിക്കുന്നതുമായി ഒത്തുപോകുന്നത്? അവ നൽകപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിലും ഈ വാക്യങ്ങളിലും എന്ത് ദൂതാണ് ഇന്ന് നമുക്കു വേണ്ടി കണ്ടെത്താനാവുക?

---

---

## ക്ഷമയ്ക്കുള്ള വാദപ്രതിവാദം

**യെശയ്യാവ് 1:18 വായിക്കുക. നിരവധി തവണ അത് വായിച്ചശേഷം, ഇവിടെ ദൈവം എന്ത് പറയുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നു (ആ സമ്പൂർണ്ണ പശ്ചാത്തലം ലഭിക്കുന്നതിനായി കുറച്ച് വാക്യങ്ങൾ അപ്പുറത്തേക്ക് വായിക്കുക).**

ആരോപിതരായ, യെഹൂദ്യർ ഉടമ്പടി ലംഘനം നടത്തിയതിന് ദൈവം ശക്തമായ തെളിവ് നൽകിയിട്ടുണ്ട് (യെശയ്യാവ് 1:2–15). അവൻ അവരോട് പാപമാർഗ്ഗം ത്യജിക്കാൻ ആഹ്വാനം ചെയ്തിട്ടുണ്ട് (യെശയ്യാവ് 1:16,17). ഈ ആഹ്വാനം വ്യക്തമാക്കുന്നത് പ്രത്യാശയ്ക്കു വകയുണ്ടെന്നാണ്. എന്തായാലും മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവാളിയോട് എന്തിന് അവന്റെ വഴികളെ മാറ്റാൻ പ്രേരിപ്പിക്കണം? “പീഡിപ്പിക്കുന്നവനെ നേർവഴിക്കാക്കുവിൻ, അനാഥനു ന്യായം നടത്തിക്കൊടുപ്പിൻ; വിധവയ്ക്കുവേണ്ടി വ്യവഹരിപ്പിൻ” (യെശയ്യാവ് 1:17)? എന്നാൽ “വരുവിൻ നമുക്ക് തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു” എന്ന് ദൈവം പറയുമ്പോൾ (യെശയ്യാവ് 1:18), ദൈവം അവന്റെ ജനങ്ങളുമായി ഇപ്പോഴും സന്ധി ചെയ്യുവാൻ തയ്യാറാണെന്ന് നമുക്കു കാണാൻ കഴിയും. അവരുടെ അവസ്ഥ എത്ര അധഃപതിച്ചതായാലും തിന്മയുടെ വഴികളെ വിട്ട് അനുതപിക്കുവാൻ അവൻ കാത്തിരിക്കുന്നു.

“നിങ്ങളുടെ ചുവന്ന പാപങ്ങൾ വെളുപ്പായിത്തീരും” എന്ന് ദൈവം അവരോട് പറയുന്നു, പാപം എന്തുകൊണ്ടാണ് ചുവപ്പായിരിക്കുന്നത്? കാരണം ചുവപ്പ് എന്നത് “രക്തത്തിന്റെ” (രക്തക്കറ) നിറമാണ്, മനുഷ്യരുടെ കൈകളിൽ അതാണ് പുരണ്ടിരിക്കുന്നത് (യെശയ്യാവ് 1:15), എന്നാൽ വെള്ളയാകട്ടെ, പരിശുദ്ധിയുടെ നിറമാണ്. രക്തക്കറയുടെ അഭാവം. ഇവിടെ, ദൈവം അവരെ മാറ്റാം എന്ന് പറയുകയാണ്. ബെത്ത്ശേബയെ സ്വീകരിക്കയും അവളുടെ ഭർത്താവിനെ നശിപ്പിക്കുകയും ചെയ്ത പാപത്തിനുവേണ്ടി ക്ഷമാപണം ചെയ്ത് ദൈവത്തോടു നിലവിളിച്ചപ്പോൾ ഇപ്രകാരമുള്ള ഭാഷയാണ് ദാവീദ് രാജാവ് ഉപയോഗിച്ചത് (സങ്കീ. 51:7,14 വായിക്കുക). യെശയ്യാവ് 1:18 ൽ ദൈവത്തിന്റെ വാദഗതി അവന്റെ ജനങ്ങളോട് ക്ഷമിക്കാം എന്ന ഒരു വാഗ്ദാനമാണ്!

**ദൈവത്തിന്റെ ക്ഷമയ്ക്കുള്ള വാഗ്ദാനം എങ്ങനെയാണ് അവരുടെ വഴികൾ മാറ്റുന്നതിനുള്ള ഒരു വാദഗതിയായി മാറുന്നത്?**

**(യെശയ്യാവ് 1:18 നെ യെശയ്യാവ് 44:22 – മായി താരതമ്യം ചെയ്യുക).**

അവന്റെ ജനങ്ങൾക്കെതിരെയുള്ള താക്കീതിന്റെ മൂർച്ചയേറിയ വാക്കുകളുടെ ഉദ്ദേശ്യം നാം ഇപ്പോൾ കാണുന്നു. അവ അവന്റെ ജനങ്ങളെ തള്ളിക്കളയുന്നതിനല്ല പിന്നെയോ അവരെ അവന്റെ അരികിലേക്ക് തിരികെ കൊണ്ടുവരാനാണ്. ധാർമ്മികമായി അവരെത്തന്നെ ശുദ്ധീകരിക്കാൻ ജനങ്ങളോടുള്ള അവന്റെ ആഹ്വാനത്തെ പിന്താങ്ങുന്ന ശക്തമായ വാദഗതിയാണ് ക്ഷമിക്കുന്നതിനുള്ള അവന്റെ വാഗ്ദത്തം (യെശയ്യാവ് 1:16,17), അവന്റെ ശക്തിയാൽ രൂപാന്തരപ്പെടുന്നതിന് അവരെ സാദ്ധ്യമാക്കുന്നത് അവന്റെ ക്ഷമയാണ്. ഇവിടെ നാം “പുതിയ ഉടമ്പടിയുടെ” വിത്തുകൾ കാണുന്നു, ഇത് യിരെമ്യാവ് 21:31–34 ൽ പ്രവചിക്കപ്പെട്ടിരിക്കുന്നു. ഇതിൽ ദൈവവുമായുള്ള ഒരു പുതുഹൃദയ ബന്ധത്തിന്റെ അടിസ്ഥാനമാണ് ക്ഷമാപണം.

## ഭക്ഷിക്കുകയോ ഭക്ഷിക്കപ്പെടുകയോ

**യെശയ്യാവ് 1:19-31 വായിക്കുക. വേദപുസ്തകത്തിലുടനീളം കാണപ്പെടുന്ന എന്ത് കേന്ദ്ര ആശയമാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്?**

യെശയ്യാവ് 1:19 ലെ യുക്തിപരമായ ഘടന ശ്രദ്ധിക്കുക: അവർ മനസ്സുവച്ച് കേട്ട നുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും (യെശയ്യാവ് 1:19). ഇതിനു വിരുദ്ധമായി, അവർ അവന്റെ ക്ഷമയുടെയും പുനരുദ്ധരിക്കലിന്റെയും വാഗ്ദത്തം നിരസിച്ച് മറുതലിക്കയാണെങ്കിൽ അവർ വാളിന്നിരയായിത്തീരും (യെശയ്യാവ് 1:20). തിരഞ്ഞെടുപ്പ് അവരുടേതാണ്. അപ്പോൾ ഈ വാക്യങ്ങളിൽ ഒരു വ്യവസ്ഥാപിത ശാപവും അനുഗ്രഹവും ഉൾപ്പെട്ടിരിക്കുന്നു. യിസ്രായേൽ രാഷ്ട്രം സ്ഥാപിതമായ പ്പോൾ ഉണ്ടാക്കിയ ഉടമ്പടിയുടെ സമയത്ത് ആവർത്തനം 30:19,20 ൽ രേഖപ്പെടുത്തി യിരിക്കുന്ന മോശെയുടെ വാക്കുകൾ യെശയ്യാവ് 1 ൽ ആവർത്തിച്ച് ഉറപ്പിക്കയും പ്രയോഗിക്കയും ചെയ്യുന്നു: "ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങ ളുടെ മുമ്പിൽ വച്ചിരിക്കുന്നു എന്നതിന് ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷി വയ്ക്കുന്നു."

**മോശെയിൽ നിന്നുള്ള ആ വാക്കുകൾ നോക്കുക. ശ്രദ്ധിക്കുക, അവിടെ ഇട യ്ക്കുള്ള ഒരു നിലപാടില്ല. ഒന്നുകിൽ ശാപങ്ങൾ അല്ലെങ്കിൽ അനുഗ്രഹങ്ങൾ, ഒന്നു കിൽ മരണം അല്ലെങ്കിൽ ജീവൻ. നമുക്ക് രണ്ടിൽ ഏതെങ്കിലും ഒരു തിരഞ്ഞെടുപ്പ് മാത്രമേയുള്ളൂ എന്ന് നിങ്ങൾ എന്തുകൊണ്ടു ചിന്തിക്കുന്നു? എന്തുകൊണ്ടാണ് ഏതെ ങ്കിലും തരത്തിലുള്ള ഒത്തുതീർപ്പ് ഉണ്ടായിക്കൂടാത്തത്?**

മോശെയുടെ ഈ വാക്കുകൾ താക്കീതുകളുടെയും അനുഗ്രഹങ്ങളുടെയും ശാപ ങ്ങളുടെയും ആ പരമ്പര സംഗ്രഹിക്കയും ആവർത്തനം 27-30-വരെയുള്ള ആ ഉടമ്പടിയുടെ രൂപീകരണം അവസാനിപ്പിക്കുകയും ചെയ്യുന്നു (ലേവ്യ. 26 താരതമ്യം ചെയ്യുക). ഈ ഉടമ്പടിയുടെ ഘടകങ്ങളിൽ ഉൾപ്പെടുന്നത് (1) ദൈവം അവർക്കു വേണ്ടി ചെയ്തതിനെ വീണ്ടും എണ്ണിപ്പറയുക (2) ആ ഉടമ്പടി നിലനില്ക്കുന്നതി നായി അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ/നിബന്ധനകൾ (കല്പനകൾ) (3) സാക്ഷി കളെക്കുറിച്ചുള്ള പ്രതിപാദ്യം (4) അവർ ഉടമ്പടി വ്യവസ്ഥകൾ ലംഘിക്കുകയാണെ ങ്കിൽ എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് ജനങ്ങളെ താക്കീത് ചെയ്യുന്നതിനുള്ള ശാപങ്ങളും അനുഗ്രഹങ്ങളും.

ഹിത്യരെ പോലെയുള്ള യിസ്രായേല്യരല്ലാത്ത ജനങ്ങളുൾപ്പെട്ട രാഷ്ട്രീയ ഉട മ്പടികളിലും ഈ ഘടകങ്ങൾ ഇതേ അടുക്കിലാണ് പ്രത്യക്ഷപ്പെടുന്നതെന്ന് പണ്ഡി തന്മാർ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ, യിസ്രായേല്യരുമായി ദൈവത്തിന്റെ ഉടമ്പടി സ്ഥാപിക്കുന്നതിന്, അവർ പ്രവേശിക്കാനിരിക്കുന്ന അന്യോന്യബന്ധിതമായ ബന്ധ ത്തിന്റെ പരിണതഫലങ്ങളും പ്രകൃതവും അവർക്ക് വ്യക്തമായി മനസ്സിലാക്കുന്നതും ഒരു പ്രഭാവം ഉണ്ടാക്കുന്നതുമായ രൂപം അവൻ ഉപയോഗിച്ചു. ആ ഉടമ്പടിയുടെ പ്രയോജനങ്ങൾ അതിശയിപ്പിക്കുന്നതാണ്, എന്നാൽ യിസ്രായേല്യർ ഉടമ്പടി ലംഘി ച്ചാൽ, അവർ എന്നത്തേക്കാളും മോശമായ അവസ്ഥയിലാകും.

**നിങ്ങളുടെ സ്വന്തം ക്രിസ്തീയ നടത്തത്തിൽ, മുകളിൽ കാണുന്നവിധം ശാപ ങ്ങളുടെയും അനുഗ്രഹങ്ങളുടെയും തത്വം നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെട്ടിട്ടുണ്ട്?**

## അശുഭസൂചകമായ പ്രേമഗാനം

**യെശയ്യാവ് 5:1–7 – മുകളിലുള്ള വാക്യങ്ങളിലെ പാട്ട് വായിക്കുക. ഈ ഉപമയുടെ അർത്ഥം എന്താണ്?**

ഉപമയുടെ അർത്ഥം ദൈവം അവസാനം മാത്രമാണ് വിവരിക്കുന്നത്, യെശയ്യാവ് 5:7 ൽ ഒരു ഉപമ ഉപയോഗിക്കുന്നതിലൂടെ, ജനങ്ങൾ അവരുടെ യഥാർത്ഥ അവസ്ഥ അംഗീകരിക്കുന്നതിനായി അവരെത്തന്നെ നിഷ്പക്ഷമായി നോക്കുന്നതിന് അവൻ അവരെ സഹായിക്കുന്നു. ദാവീദ് രാജാവുമായി ദൈവം ഈ സമീപനം വളരെ ഫലപ്രദമായി ഉപയോഗിച്ചു (2 ശമൂവേൽ 12:1–13 കാണുക). ഇതിനെ ഒരു "പ്രേമഗാനം" എന്നു വിളിച്ച്, അവന്റെ ജനങ്ങളോടുള്ള അവന്റെ പ്രേരകശക്തി ദൈവം ആരംഭത്തിൽത്തന്നെ വെളിവാക്കുന്നു. സ്നേഹമെന്ന അവന്റെ സ്വഭാവത്തിൽനിന്നുമാണ് അവരുമായുള്ള ബന്ധം ഉടലെടുക്കുന്നത് (1 യോഹന്നാൻ 4:8). ഇതിനു പകരമായി സ്നേഹത്തിന്റെ ഒരു പ്രതികരണം അവൻ പ്രതീക്ഷിക്കുന്നു. എന്നാൽ "മുന്തിരിങ്ങക്കു" പകരം അവന് "കാട്ടുമുന്തിരിങ്ങ" ലഭിക്കുന്നു, എബ്രായ ഭാഷയിൽ ഇതിന് "നാറുന്നവ" എന്നാണ് അർത്ഥം.

**യെശയ്യാവ് 5:4 ൽ "ഞാൻ എന്റെ മുന്തിത്തോട്ടത്തിൽ ചെയ്തിട്ടുള്ളതല്ലാതെ ഇനി അതിൽ എന്തു ചെയ്‌വാനുള്ളൂ" എന്ന് ദൈവം പറയുമ്പോൾ എന്താണ് അവൻ അർത്ഥമാക്കുന്നത്?**

അടുത്ത വാക്യങ്ങളിൽ ദൈവം പറയുന്നു: "ആകയാൽ വരുവിൻ; ഞാൻ എന്റെ മുന്തിരിത്തോട്ടത്തോട് എന്തു ചെയ്യും എന്നു നിങ്ങളോട് അറിയിക്കാം; ഞാൻ അതിന്റെ വേലി പൊളിച്ചുകളയും അതു തിന്നു പോകും; ഞാൻ അതിന്റെ മതിൽ ഇടിച്ചുകളയും; അതു ചവിട്ടി മെതിച്ചു പോകും. ഞാൻ അതിനെ ശൂന്യമാക്കും; അതു വള്ളിത്തല മുറിക്കാതെയും കിളയ്ക്കാതെയും ഇരിക്കും; പറക്കാരയും മുള്ളും അതിൽ മുളയ്ക്കും; അതിൽ മഴ പെയ്യിക്കരുതെന്നു ഞാൻ മേഘങ്ങളോടു കല്പിക്കും" (യെശയ്യാവ് 5:5,6).

നാം പാപം ചെയ്യുമ്പോൾ, നമുക്ക് ക്ഷമ ലഭിക്കുന്നതിന് ഒരവസരം നൽകുന്നു (2 പത്രൊസ് 3:9 കാണുക). അവനോട് പ്രതികരിക്കുന്ന ഒരു വ്യക്തിയെയും അവൻ ഒഴിവാക്കുന്നില്ല. സാദ്ധ്യമല്ല എന്ന ഉത്തരം അവൻ ഉടനെ അംഗീകരിക്കുന്നില്ല, കാരണം നാം അജ്ഞരും പാപത്താൽ വഞ്ചിക്കപ്പെട്ടവരുമാണെന്ന് അവൻ അറിയുന്നു. എന്നാൽ ആത്യന്തികമായി നമ്മുടെ തിരഞ്ഞെടുപ്പ് അവൻ അംഗീകരിക്കയും നാം തിരഞ്ഞെടുത്ത വഴിയിൽ തുടരാൻ അവൻ അനുവദിക്കയും ചെയ്യും (വെളിപ്പാട് 22:11 കാണുക).

നാം നിരന്തരമായി അവന്റെ ആത്മാവിലൂടെയുള്ള ആഹ്വാനം നിരസിക്കുകയാണെങ്കിൽ, ഒരിക്കലും തിരിച്ചുവരാത്ത അവസ്ഥയിൽ എത്തിച്ചേരും (മത്തായി 12:31,32). ക്രിസ്തുവിൽനിന്ന് മാറിപ്പോകുക എന്നത് അപകടകരമാണ് (എബ്രായർ 6:4–6). കാരണം അവൻ നമ്മുടെ തിരഞ്ഞെടുപ്പവകാശത്തെ മാനിക്കുന്നു.

ദൈവം അവനെത്തന്നെ നമ്മുടെ പാപങ്ങൾക്കായി യാഗമായി സമർപ്പിച്ചു, അവന്റെ ന്യായപ്രമാണത്തെ നാം ലംഘിച്ചതിന് പ്രായശ്ചിത്തം ചെയ്തു. അധികമായി എന്താണ് ചെയ്യാൻ കഴിയുക?

## കൂടുതൽ പഠനം:

യെശയ്യാവ് 1:4 ന്റെ പശ്ചാത്തലത്തിൽ എലൻ വൈറ്റ് എഴുതി:

ദൈവത്തിന്റെ ജനങ്ങളെന്ന് അവകാശപ്പെട്ടവർ ദൈവത്തിൽനിന്ന് വേർപെട്ടു, അവർക്ക് പരിജ്ഞാനം നഷ്ടപ്പെടുകയും തിരിച്ചറിവ് വികലമാക്കുകയും ചെയ്തു. അവർക്ക് വിദൂരതയിലേക്ക് കാണാൻ കഴിഞ്ഞില്ല; കാരണം അവർ അവരുടെ പഴയ പാപങ്ങളിൽ നിന്നും ശുദ്ധമാക്കപ്പെട്ടു എന്ന് അവർ മറന്നുപോയിരുന്നു അവരുടെ മുൻ അവസ്ഥയിലുണ്ടായിരുന്ന സന്തോഷത്തെയും ഉറപ്പിനെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള ഓർമ്മ അവരുടെ മനസ്സുകളിൽനിന്നും മായ്ച്ചുകളയുവാൻ ശ്രമിച്ചുകൊണ്ട് അവർ അനിശ്ചിതത്തോടും അസ്വസ്ഥതയോടും അന്ധകാരത്തിൽ നീങ്ങിക്കൊണ്ടിരുന്നു. അവർ സകലവിധമായ ധിക്കാരപരവും ആലോചിക്കാതെയുള്ള ഭ്രാന്തിലും മുഴുകി, ദൈവത്തിന്റെ നടത്തിപ്പുകൾക്കു വിരുദ്ധമായി അവർ അവരെത്തന്നെ ആക്കിവച്ചു, അങ്ങനെ നേരത്തെതന്നെ അവരുടെ മേലുള്ള കുറ്റത്തെ ആഴത്തിലാക്കി. ആ ദിവ്യ കഥാപാത്രത്തിനെതിരെയുള്ള ആരോപണങ്ങൾക്ക് അവർ ചെവികൊടുക്കുകയും ക്ഷമയും കരുണയും ഇല്ലാത്തവനാണ് ദൈവം എന്ന് അവരുടെ ജീവിതത്തിലൂടെ കാണിക്കുകയും ചെയ്തു. The SDA Bible Commentary, Vol 4, p. 1137.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **നിങ്ങൾക്ക് എങ്ങനെയാണ് "നിങ്ങളെത്തന്നെ കഴുകാൻ" കഴിയുക? ആ പദപ്രയോഗത്തിന്റെ അർത്ഥം എന്താണ്? (ഫിലിപ്പിയർ 2:12,13 കാണുക).**
2. **മുന്തിരിത്തോട്ടത്തിന്റെ പ്രണയഗാനം എങ്ങനെയാണ് യേശു പ്രയോഗിക്കുകയും വികസിപ്പിക്കയും അനുരൂപമാക്കുകയും ചെയ്തത്? (മത്തായി 21:33–45, മർക്കൊസ് 12:1–12; ലൂക്കൊസ് 20:9–19).**

   **സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ മുകളിലുള്ള കഥയിൽ നമുക്ക് എന്ന് പാഠങ്ങളാണ് ഉള്ളത്?**
3. **അവൻ നമ്മുടെ ജീവിതങ്ങളിൽ സാദ്ധ്യമാക്കുന്ന മാറ്റത്തിനും ദൈവം നൽകുന്ന ക്ഷമയ്ക്കും തമ്മിൽ എന്താണ് ബന്ധം? ഏതാണ് ആദ്യം വരുന്നത്, മാറ്റവും പിന്നീട് ക്ഷമയും അതോ ക്ഷമയും പിന്നീട് മാറ്റവുമോ? ഏതാണ് ആദ്യം വരുന്നതെന്ന് അറിയുന്നത് എന്തുകൊണ്ട് പ്രധാനമാണ്?**
4. **മുകളിലുള്ള ഉദ്ധരണിയിൽ, "ദൈവത്തിന്റെ കരുതലുകൾക്ക്" വിരുദ്ധമായി മനുഷ്യർ അവരെത്തന്നെ ആക്കിവച്ചു എന്ന് എലൻ ജി. വൈറ്റ് പറയുന്നു. അതിന്റെ അർത്ഥം എന്താണ്?**

**സംഗ്രഹം: ദൈവത്തിന്റെ ജനങ്ങൾ അവനെ മറക്കുകയും അവന്റെ അനുഗ്രഹങ്ങൾ തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് കരുതുകയും ചെയ്യുമ്പോൾ, അവനുമായുള്ള ഉടമ്പടിക്ക് അവർ കണക്കു ബോധിപ്പിക്കേണ്ടതാണെന്ന് അവൻ അവരെ ഓർമ്മിപ്പിക്കുന്നു. അലിവോടെ, അവൻ അവരുടെ അവസ്ഥ ചൂണ്ടിക്കാണിക്കുകയും അവന്റെ സംരക്ഷണം ഉപേക്ഷിക്കുന്നതിന്റെ നാശകരമായ പരിണത ഫലങ്ങളെക്കുറിച്ച് അവരെ താക്കീത് ചെയ്യുകയും അവരെ ശുദ്ധീകരിക്കുകയും സൗഖ്യമാക്കുകയും ചെയ്യുന്നിന് അവനെ അനുവദിക്കണമെന്ന് അവരോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.**